**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194** **06-07-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് അങ്കണവാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി,<br>ശ്രീമതി ദെലീമ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കരിക്കുലം പരിഷ്കരണത്തിനുമായി മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | (എ) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി മുൻ സർക്കാരിന്റെ കാലം മുതൽ അങ്കണവാടികൾ "സ്മാർട്ട് അങ്കണവാടികൾ" ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടികളിൽ കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ്, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിന് പഞ്ചായത്ത്, ജലനിധി, ജലജീവൻ മിഷൻ, ശുചിത്വ മിഷൻ തുടങ്ങിയവരുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അതോടൊപ്പം; അങ്കണവാടികളുടെ കരിക്കുലം പരിഷ്കരണത്തോടനുബന്ധിച്ച് കുട്ടികളിൽ ചെറുപ്രായത്തിൽ തന്നെ ലിംഗ സമത്വത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിനായി അങ്കണവാടികളിൽ ഉപയോഗിക്കുന്ന "അങ്കണപ്പൂമഴ" വർക്ക്ബുക്കിൽ ജെൻഡർ ഓഡിറ്റിംഗ് നടത്തുകയും ഓഡിറ്റിംഗ് നിർദ്ദേശാനുസരണമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് "അങ്കണപ്പൂമഴ" വർക്ക് ബുക്ക് പ്രിന്റ് ചെയ്ത് അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഞ്ചാമത് ഗവേണിംഗ് ബോഡി യോഗ തീരുമാന പ്രകാരം നാഷണൽ എജ്യൂക്കേഷൻ പോളിസി 2020 നിഷ്കർഷിക്കും പ്രകാരം അങ്കണവാടികളെ ശാക്തീകരിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിൽ ശിപാർശ സമർപ്പിക്കുന്നതിലേക്കായി നിയോഗിച്ച കമ്മിറ്റി തയ്യാറാക്കിയ ഫൈനൽ റിപ്പോർട്ട് പരിശോധിച്ചു വരുന്നു. |
| (ബി) | സ്മാർട്ട് അങ്കണവാടികൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; ഇവയുടെ രൂപകല്പനയും പ്രവർത്തനവും വിശദമാക്കാമോ; | (ബി) | (ബി) സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം നാളിതുവരെ 204 അങ്കണവാടികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 2 അങ്കണവാടി |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് [10, 7.5, 5, 3, 3 (Slopping terrain), 1.25 cent] അനുസരിച്ച് 6 വ്യത്യസ്ത പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുടെ സമഗ്ര വികസനത്തിന് വേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തി പഠനമുറി, വിശ്രമ മുറി, ഭക്ഷണ മുറി, അടുക്കള, സ്റ്റോർ റൂം, ഇൻഡോർ-ഔട്ട് ഡോർ പ്ലേ ഏരിയ, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, പൂന്തോട്ടം, തുടങ്ങിയവ ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി രൂപ കല്പന ചെയ്തിട്ടുള്ളത്. കുട്ടികൾക്കായി പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി. വി, മ്യൂസിക് സിസ്റ്റം, ന്യൂട്രിഗാർഡൻ, കുട്ടികൾ വീഴുമ്പോൾ പരിക്ക് പറ്റാതിരിക്കാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏര്യയിൽ ഗ്രാസ്സ്മാറ്റ്, ചുമർ ചിത്രങ്ങൾ, അഡോളസെന്റ്സ് കുട്ടികൾക്കായി ലൈബ്രറി, മാനസിക ശാരീരിക വികാസത്തിനായി ആവശ്യമായ സജ്ജീകരണങ്ങൾ ഉൾപ്പെടെ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിയ്ക്ക് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. |
| (സി) | കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വികസനത്തിന് സ്മാർട്ട് അങ്കണവാടികൾ എങ്ങനെയെല്ലാം സഹായകരമാവുന്നു; വിശദാംശങ്ങൾ നൽകാമോ ? | (സി) | (സി) കുട്ടികളുടെ മാനസികവും, ബൗദ്ധികവുമായ വികാസം സാധ്യമാകുന്ന തരത്തിൽ സ്മാർട്ട് അങ്കണവാടിയിൽ പഠനമുറി, ഇൻഡോർ - ഔട്ട്ഡോർ പ്ലേ ഏരിയ, പൂന്തോട്ടം, വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനാകുന്ന ഹാൾ, തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br><br>ഇതിന് പുറമെ പ്രീസ്കൂൾ ആക്ടിവിറ്റി മെറ്റീരിയൽസ്, സ്മാർട്ട് ടി.വി, മ്യൂസിക് സിസ്റ്റം, ന്യൂട്രി ഗാർഡൻ, സ്ലീപ്പിംഗ് ഏരിയ, കുട്ടികൾക്ക് പരിക്ക് പറ്റാതിരിക്കുവാൻ ക്ലാസ് റൂമിനുള്ളിൽ സോഫ്റ്റ് മാറ്റ്, ഔട്ട്ഡോർ പ്ലേ ഏരിയയിൽ ഗ്രാസ് മാറ്റ്, റീഡിംഗ് കോർണർ, ചുമർ ചിത്രങ്ങൾ, പാരന്റ്സ് വെയിറ്റിംഗ് റൂം, അഡോളസെന്റ് കുട്ടികൾക്ക് ലൈബ്രറി, കുട്ടികളുടെ ശാരീരികമായ വികാസത്തിനായി സ്കിപ്പിംഗ് റോപ്, ചെസ് ബോർഡ്, കാരം ബോർഡ്, ഫിംഗർ പോപ്പറ്റ് എന്നീ സൗകര്യങ്ങൾ സ്മാർട്ട് അങ്കണവാടികളിൽ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ